"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പത്തനംതിട്ട ജില്ലയിലെ ഇരവിപേരൂർ ഗ്രാമപഞ്ചായത്തിലും ദിവസവേതന ലൈബ്രേറിയൻമാർ ജോലി ചെയ്യുന്ന ബാക്കിയുള്ള പഞ്ചായത്തുകളിലും ലൈബ്രേറിയൻ ഗ്രേഡ് IV തസ്തിക അനുവദിക്കണമെന്നുള്ള ശ്രീമതി. വിദ്യ വി. ജി സമർപ്പിച്ചിരുന്ന നിവേദനത്തിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.723/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 18/03/2021

പരാമർശം:- 1 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 16.06.2020 ലെ OA 856/2020 നം. ഉത്തരവ്

2 പഞ്ചായത്ത് ഡയറക്ടറുടെ 03/09/2020 ലെ PAN/10055/2020-E13(DP)നം. കത്ത്

**ഉത്തരവ്**

1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ശ്രീമതി വിദ്യ വി. ജി ഫയൽ ചെയ്ത ഒ.എ.നം.856/2020 ഹർജിയിൻമേൽ ബഹു. ട്രിബ്യൂണൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ താഴെ പറയും പ്രകാരം നിർദേശിച്ചിരുന്നു-

" ....... The original Application is disposed of with a direction to the Government to take a decision on Annexure A1 representation as expeditiously as possible, at any rate, within a period of three months from the date of receipt of a certified copy of this order after calling for report from the second respondent in the matter and after hearing the applicant. The applicant will produce a certified copy of this order along with a copy of the Original Application before the Government compliance."

2. പരാതിക്കാരി സമർപ്പിച്ച 8.6.2020 ലെ നിവേദനമാണ് അനക്സർ എ1 . ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവ് പ്രകാരം പരാതിക്കാരിയെ നേരിൽ കേട്ടു. അനക്സർ എ1 നിവേദനത്തിലും നേരിൽ കേട്ടപ്പോഴും ചുവടെ പറയുന്ന കാര്യങ്ങൾ പരാതിക്കാരി അറിയിക്കുകയുണ്ടായി. പത്തനംതിട്ട ജില്ലയിലേക്ക് 539/2016 കാറ്റഗറി നമ്പർ പ്രകാരം കേരള പി. എസ്. സി നടത്തിയ പഞ്ചായത്ത് ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികയിൽ നിയമനത്തിനുള്ള റാങ്ക് പട്ടികയിൽ ഒന്നാം റാങ്ക് നേടിയ ഉദ്യോഗാർത്ഥിയാണ് താനെന്നും 09/07/2019 ൽ റാങ്ക് ലിസ്റ്റ് നിലവിൽ വന്നതായും എന്നാലും

ടിയാൾക്ക് ഉദ്യോഗം ലഭിച്ചിട്ടില്ല എന്നും പരാതിപ്പെട്ടു. പത്തനംതിട്ട ജില്ലയിൽ കേവലം മൂന്ന് പഞ്ചായത്തുകളിലേക്ക് മാത്രമാണ് പി എസ് സി മുഖേന പഞ്ചായത്ത് ലൈബ്രേറിയൻ ഗ്രേഡ് IV നിയമനം നടക്കുന്നത് (കുറ്റൂർ, ഏഴംകുളം, കവിയൂർ) റാങ്ക് ലിസ്റ്റ് നിലവിൽ വന്നപ്പോൾ ഇതിൽ കവിയൂർ പഞ്ചായത്തിൽ ഒരു ഒഴിവ് റിപ്പോർട്ട് ചെയ്തിരുന്നു. പക്ഷെ ആ തസ്തികയിൽ ടിയാൾക്ക് നിയമനം ലഭിച്ചില്ല. പി. എസ്. സിയിൽ നടത്തിയ അന്വേഷണത്തിൽ ആദ്യ നിയമനം അംഗപരിമിതർക്കേ നൽകാൻ കഴിയൂ എന്നും താൻ ഉൾപ്പെടുന്ന റാങ്ക് ലിസ്റ്റിൽ അംഗപരിമിതർ ആരും തന്നെ ഉൾപ്പെട്ടിട്ടില്ലെന്നുമാണ്. വിവരാവകാശ നിയമം പ്രകാരം നടത്തിയ വിവര ശേഖരണത്തിൽ നിന്നും കവിയൂർ പഞ്ചായത്തിൽ നാളിതുവരെയും പി. എസ്. സിയിൽ നിന്നും ആളെ നിയമിക്കാത്തതുകൊണ്ട് ലൈബ്രറി പ്രവർത്തനങ്ങൾ വീഴ്ച വരാതിരിക്കാൻ സമിതിയുടെ തീരുമാനപ്രകാരം റിട്ടയർ ആയ ലൈബ്രേറിയൻ തന്നെ ദിവസവേതന അടിസ്ഥാനത്തിൽ ജോലിയിൽ തുടരുന്നു. പത്തനംതിട്ട ജില്ലയിൽ 53 ഗ്രാമപഞ്ചായത്തുകൾ ആണുള്ളതെന്നും ഇതിൽ പല പഞ്ചായത്തുകളിലും ഒന്നിലേറെ ലൈബ്രറികൾ പഞ്ചായത്തുകൾക്ക് കീഴിൽ പ്രവർത്തിച്ചു വരുന്നതായാണ് അറിയുന്നത് എന്നും ഇവിടങ്ങളിൽ ലൈബ്രേറിയൻ ആയി ജോലി ചെയ്യുന്ന ഭൂരിഭാഗം പേരും ലൈബ്രേറിയൻ പ്രൊഫഷണൽ യോഗ്യതകൾ നേടിയവരല്ലെന്നും 3 6 പഞ്ചായത്തുകളിൽ താൽക്കാലികമായി ജോലി ചെയ്തിരുന്നവർ ഫുൾ ടൈം/പാർട്ട് ടൈം ലൈബ്രേറിയൻ തസ്തികകളിലായി സ്ഥിരപ്പെട്ടിരിക്കുന്നതായും നിലവിൽ 13 പഞ്ചായത്തുകളിൽ താത്ക്കാലികക്കാർ ഡെയിലി വേജസ് ആയി തുടരുന്നു എന്നാണ് വിവരാവകാശ നിയമപ്രകാരം നടത്തിയ അന്വേഷണങ്ങളിൽ മനസ്സിലാകുന്നത് എന്നും 07.12.2017ലെ ഫയൽ നം.ഇ3/4315/17 പ്രകാരം ഇരവിപേരൂർ പഞ്ചായത്ത് ഒരു ഫുൾ ടൈം ലൈബ്രേറിയൻ തസ്തിക ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിലേക്ക് ഒരു അപേക്ഷ നൽകിയിട്ടുണ്ടായിരുന്നെങ്കിലും അത് ഡയറക്ടർ ഓഫ് പഞ്ചായത്തിൽ പെൻഡിംഗ് ആയി നിലനിൽക്കുന്നു എന്നും താൽക്കാലികക്കാർ തുടരുന്ന 13 പഞ്ചായത്തുകളും പോസ്റ്റുകൾ ആവശ്യമില്ല എന്ന നിലപാട് സ്വീകരിച്ചു എന്നും ഇരവിപേരൂർ പഞ്ചായത്ത് അവർക്ക് ഫുൾ ടൈം ലൈബ്രേറിയൻ തസ്തിക ആവശ്യം ഉണ്ട് എന്ന് 08.09.2020 ലെ കമ്മിറ്റി തീരുമാനം അടക്കം പത്തനംതിട്ട ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്തിലേക്ക് നൽകിയിട്ടുണ്ട് എന്നും ടി പഞ്ചായത്തിൽ തസ്തിക അനുവദിക്കുന്നതിന് അനുകൂലമായ തീരുമാനം ഗവണ്മെന്റിൽ നിന്നും ഉണ്ടായാൽ റാങ്ക് ലിസ്റ്റിൽ നിന്ന് തനിക്ക് ജോലി ലഭിക്കുമെന്നും ഇരവിപേരൂർ ഗ്രാമപഞ്ചായത്തിലും ദിവസവേതന ലൈബ്രേറിയൻമാർ ജോലി ചെയ്യുന്ന ബാക്കിയുള്ള 1 2 പഞ്ചായത്തുകളിലും ലൈബ്രേറിയൻ തസ്തിക അനുവദിക്കണമെന്നും പരാതിക്കാരി അപേക്ഷിച്ചു.

3. ഈ വിഷയം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് പരാമർ ശം ( 2 ) പ്രകാരം സർക്കാരിൽ ലഭ്യമാക്കി. പത്തനംതിട്ട ജില്ലയിൽ

പഞ്ചായത്ത് വകുപ്പിൽ കവിയൂർ, കുറ്റൂർ, ഏഴംകുളം എന്നീ ഗ്രാമപഞ്ചായത്തുകളിലായി ലൈബ്രേറിയൻ ഗ്രേഡ്- 4 ന്റെ 3 തസ്തികകളാണ് നിലവിലുള്ളത്. കവിയൂർ ഗ്രാമപഞ്ചായത്തിലെ ലൈബ്രേറിയൻ 31.07.2018 ന് സേവനത്തിൽ നിന്നും വിരമിച്ചതിനാൽ 01.08.2018 മുതൽ ലൈബ്രേറിയൻ ഗ്രേഡ് - 4 ന്റെ ഒരു ഒഴിവ് ഉണ്ടായിട്ടുണ്ട്. യോഗ്യരായ ഗ്രേഡ്- 4 ജീവനക്കാർ, 4 വർഷം സർവ്വീസുള്ള ഫുൾ ടൈം കണ്ടിജന്റ് ജീവനക്കാർ എന്നിവരിൽ നിന്നും അപേക്ഷയും താൽപര്യപത്രവും ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ആരും തന്നെ നിശ്ചിത സമയ പരിധിക്കകം ഒഴിവുള്ള ലൈബ്രേറിയൻ തസ്തികയിലെ നിയമനത്തിനായി താൽപര്യപത്രമോ, അപേക്ഷയോ സമർപ്പിച്ചിരുന്നില്ല. ഈ സാഹചര്യത്തിൽ പത്തനംതിട്ട ജില്ലയിൽ ലൈബ്രേറിയൻ ഗ്രേഡ്- 4 തസ്തികയിലുണ്ടായിട്ടുള്ള ഒരു ഒഴിവ് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ ഇപ്രകാരം റിപ്പോർട്ട് ചെയ്ത ഒഴിവിലേക്ക് Differently abled (Hearing impairement category) turnൽ നിയമനം നൽകുന്നതിലേക്ക് നിലവിൽ റാങ്ക് ലിസ്റ്റിൽ ഉദ്യോഗാർത്ഥി ലഭ്യമല്ല എന്ന വിവരം പി.എസ്.സി ഓഫീസിൽ നിന്നും അറിയിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ ഇരവിപേരൂർ ഗ്രാമപഞ്ചായത്തിൽ ലൈബ്രേറിയൻ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസൽ സംബന്ധിച്ച് ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിയും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇരവിപേരൂർ ഗ്രാപഞ്ചായത്തിൽ മുഴുവൻസമയ ലൈബ്രേറിയൻ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സഹിതമുള്ള റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

4. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പഞ്ചായത്ത് വകുപ്പിൽ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവീസ് റൂൾസ് പ്രകാരമാണ് നിയമനവും പ്രൊമോഷനും നടത്തുന്നത്. ടി ചട്ടങ്ങൾ പ്രകാരം ലൈബ്രേറിയൻ ഗ്രേഡ് I V തസ്തികയിൽ നിയമനത്തിന് ( 1 ) യോഗ്യതയുള്ള ഗ്രേഡ് 4 ജീവനക്കാരിൽ നിന്ന് പ്രൊമോഷൻ മുഖേനയോ ( 2 ) അപ്രകാരമുള്ളവരുടെ അഭാവത്തിൽ യോഗ്യതയുള്ള നാല് വർഷം സേവനം പൂർത്തിയാക്കിയ ഫുൾ ടൈം കണ്ടിജന്റ് ജീവനക്കാരിൽ നിന്ന് തസ്തികമാറ്റ നിയമനം മുഖേനയോ (3) മേൽ (1), (2) ലെ ഉചിതമായ ആൾക്കാരുടെ അഭാവത്തിൽ പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനമോ ആണ് നിലവിലുള്ളത്. പത്തനംതിട്ട ജില്ലയിൽ ലൈബ്രേറിയൻ ഗ്രേഡ്- 4 തസ്തികയിലുണ്ടായിട്ടുള്ള ഒരു ഒഴിവ് മേൽ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇപ്രകാരം റിപ്പോർട്ട് ചെയ്ത ഒഴിവിലേക്ക് Differently abled (Hearing impairement category) turn ൽ നിയമനം നൽകുന്നതിലേക്ക് നിലവിൽ റാങ്ക് ലിസ്റ്റിൽ ഉദ്യോഗാർത്ഥി ലഭ്യമല്ല എന്ന വിവരം പി.എസ്.സി ഓഫീസിൽ നിന്നും അറിയിച്ചിട്ടുള്ളത്. വകുപ്പിൽ നിന്ന് കൃത്യമായി ഒഴിവ് പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട് റാങ്ക് ലിസ്റ്റിൽ നിന്നും സംവരണ ചട്ടങ്ങൾ

പാലിച്ച് ഉദ്യോഗാർത്ഥിയെ അഡ്വൈസ് ചെയ്യേണ്ടത് പി.എസ്.സി യുടെ അധികാര പരിധിയിലുള്ള വിഷയമാണ്. പല ഗ്രാമപഞ്ചായത്തുകളിലും താൽക്കാലികമായും ഓണറേറിയം അടിസ്ഥാനത്തിലും സ്ഥിരമായും പാർട്ട് ടൈം/ ഫുൾ ടൈം ലൈബ്രേറിയൻമാർ ജോലി ചെയ്യുന്നുണ്ട്. ടി തസ്തികകൾ കണ്ടിജന്റ് തസ്തികകൾ മാത്രമാണ്. അപ്രകാരം സ്ഥിരമായി ജോലി ചെയ്യുന്നവർക്ക് കണ്ടിജന്റ് തസ്തികയിലെ ശമ്പളം മാത്രമാണ് ലഭിക്കുന്നത്. ഇവർക്ക് കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവീസ് റൂൾസ് പ്രകാരം നിയമനം നടത്തുന്ന ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികയുമായി യാതൊരു ബന്ധവുമില്ല.

5. ഗ്രാമപഞ്ചായത്തുകളിൽ ലൈബ്രേറിയൻ ഗ്രേഡ് IV തസ്തിക സൃഷ്ടിക്കുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റികളുടെ തീരുമാനം ആവശ്യമാണ്. അപ്രകാരമുള്ള പ്രൊപ്പോസലുകളിൻമേൽ തസ്തികയുടെ ആവശ്യകത, ഗ്രാമപഞ്ചായത്തിന്റെയും സർക്കരിന്റെയും സാമ്പത്തിക സ്ഥിതി മുതലായ വിവിധ ഘടകങ്ങൾ പരിഗണിച്ച് തസ്തിക സൃഷ്ടിക്കുക എന്നുള്ളത് സർക്കാരിന്റെ നയപരമായ തീരുമാനമാണ്. ഇപ്രകാരം വിധി ജില്ലകളിലായി 1 4 ഗ്രാമപഞ്ചായത്തുകൾ ലൈബ്രേറിയൻ ഗ്രേഡ് I V തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പഞ്ചായത്ത് ഡയറക്ടർ മുഖേന സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ആയതിൽ പത്തനംതിട്ട ജില്ലയിലെ ഇരവിപേരൂർ ഗ്രാമപഞ്ചായത്തും ഉൾപ്പെട്ടിരുന്നു. സർക്കാരിന്റെ നിലവിലെ സാമ്പത്തികസ്ഥിതി പരിഗണിച്ച് ഗ്രാമപഞ്ചായത്തുകളിൽ ലൈബ്രേറിയൻ ഗ്രേഡ് IV തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രസ്തുത പ്രൊപ്പോസൽ തൽക്കാലത്തേയ്ക്ക് മാറ്റിവയ്ക്കുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

6 . മേൽ സാഹചര്യത്തിൽ പത്തനംതിട്ട ജില്ലയിലെ ഇരവിപേരൂർ ഗ്രാമപഞ്ചായത്തിലും ദിവസവേതന ലൈബ്രേറിയൻമാർ ജോലി ചെയ്യുന്ന ബാക്കിയുള്ള 1 2 പഞ്ചായത്തുകളിലും ലൈബ്രേറിയൻ ഗ്രേഡ് I V തസ്തിക അനുവദിക്കണമെന്നുള്ള ശ്രീമതി. വിദ്യ വി. ജി സമർപ്പിച്ചിരുന്ന അനക്സർ എ1 നിവേദനത്തിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (1) ലെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എ
ഡെപ്യൂട്ടിസെക്രട്ടറി

ശ്രീമതി. വിദ്യ വി.ജി, രവി വിലാസം, പിറവന്തൂർ. പി.ഒ, കൊല്ലം - 689696

അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സി. ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/83/2020-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Danujalle

സെക്ഷൻ ഓഫീസർ